# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2622    09.03.2017 ലെ മറുപടി**

## ആറ്റിങ്ങൽ ചെറുകിട ജലവിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.സത്യൻ:** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ അനുമതി നൽകിയ ചെറുകിട ജലവിതരണ പദ്ധതികൾ ഏതെല്ലാം; പദ്ധതികൾക്കായി എത്ര തുക വകയിരുത്തി; | (എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കിളിമാനൂർ, പഴയ കുന്നുമ്മേൽ, മടവൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ഒരു കുടിവെള്ള പദ്ധതിക്ക് അനുമതി നല്കിയിരുന്നു. പ്രസ്തുത പദ്ധതിയുടെ മൊത്ത അടങ്കൽ തുക 31.0 കോടി രൂപയാണ്. |
| (ബി) വർദ്ധിച്ച് വരുന്ന ജലക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ തടയണകൾ നിർമ്മിക്കാൻ ആലോചനയുണ്ടോ; | (ബി) ഉണ്ട്. |
| (സി) ജലസ്രോതസ്സുകളായ കുളങ്ങളെ നവീകരിച്ച് സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളത്; വിശദമാക്കുമോ? | (സി) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കി വരുന്ന 'ഹരിത കേരളം' പദ്ധതിയിൽ ആദ്യ ഘട്ടമായി 320 കോടി രൂപ ചിലവിൽ ഏകദേശം 9453 കുളങ്ങൾ MGNREGS മായി സഹകരിച്ച് നവീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റു പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്.<br><br>ജലസ്രോതസ്സുകളായ കുളങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ച്ചിറ കുളത്തിന്റെയും പാറശ്ശാല പഞ്ചായത്തിൽ പരശുവയ്ക്കൽ വില്ലേജിലെ വണ്ടിച്ചിറ കുളത്തിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. |

മഴവെള്ള സംരക്ഷണത്തിലൂടെ വേനൽക്കാലത്തും കുളത്തിലെ ജല ലഭ്യത ഉറപ്പുവരുത്തുകയാണ് ആന ത്താഴ്ച്ചിറ കുളത്തിന്റെ പുനരുദ്ധാരണ ത്തിലൂടെ ലക്ഷ്യമിടുന്നത്. വണ്ടിച്ചിറ കുളത്തിലെ ചോർച്ച തടയുകയും ജലസംഭരണത്തിന്റെ വ്യാപ്തി വർദ്ധി പ്പിച്ച് ജലലഭ്യത ഉറപ്പാക്കുകയുമാണ് വണ്ടിച്ചിറ കുളത്തിന്റെ പുനരുദ്ധാര ണത്തിലൂടെ ലക്ഷ്യമിടുന്നത്.

ആനത്താഴ്ച്ചിറ കുളത്തിന്റെ പുനരു ദ്ധാരണ പ്രവൃത്തികളിൽ ചെളിനീക്കലും സംരക്ഷണ ഭിത്തി നിർമ്മിക്കലും, സമീപ പ്രദേശങ്ങളിലെ മഴവെള്ളം കുളത്തിലെത്തിക്കുകയും ചെയ്യുന്ന പ്രവൃത്തികളിൽ ഒന്നാം ഘട്ടം പൂർത്തീകരിക്കുകയും രണ്ടാം ഘട്ടം പണികളിൽ 75% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ ഗ്രാമീണ കുടി വെള്ള പദ്ധതിയുടെ ഭാഗമായ ഈ പ്രവൃത്തിയുടെ രണ്ടാം ഘട്ടത്തിന് 441 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

പാറശ്ശാല പഞ്ചായത്തിലെ പാറശ്ശാല, പരശുവയ്ക്കൽ വില്ലേജു കൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ വണ്ടിച്ചിറ കുളത്തിലെ ചെളിനീക്കം ചെയ്യലും വശങ്ങളിൽ കരിങ്കല്ല് പാകി എൽ.ഡി.പി.ഇ ഫിലിം പതിപ്പിച്ച് ജലസ്രോതസ്സായ കുളത്തിനെ സംരക്ഷിക്കുന്ന പ്രവൃത്തി കൾ നടന്നു വരുന്നു. പദ്ധതി 60% പൂർത്തിയായി. ഈ പദ്ധതിയ്ക്ക് 244.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.

കൂടാതെ ഉറവിട സംരക്ഷണവുമായി ബന്ധപ്പെട്ട് വെട്ടൂർ പഞ്ചായത്തിലെ കാക്കക്കുഴി കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണവും നടന്നു വരുന്നു.

ജലനിധി പഞ്ചായത്തുകളിൽ ജലസ്രോതസ്സുകളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് വിവിധ ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ചെറുകളങ്ങൾ സംരക്ഷിച്ചു വരുന്നു. ഇതിന് ലോകബാങ്കിന്റെ ധനസഹായവും വിനിയോഗിക്കുന്നു.

**സെക്ഷൻ ഓഫീസർ**